Legislative Business

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, 2026-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെന്റ്മെന്റ്) ബിൽ മരാമത്തും ഗതാഗതവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്കയക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ടിൽ രണ്ട് വകുപ്പുകളിൽ മാത്രമാണ് ഭേദഗതി വന്നിട്ടുള്ളത്. രണ്ടാം വകുപ്പിൽ "(എഫ്എ) സ്ഥാനത്തുണ്ടായിരുന്ന "സ്ലീപ്പർ ബെർത്ത്" എന്ന നിർവചനത്തിന്റെ സ്ഥാനത്തിന് മുമ്പായി "റിമൂവൽ ഫീ" ("നീക്കം ചെയ്യൽ ഫീസ്") എന്നത് ഉൾപ്പെടുത്തിയിരിക്കുകയാണ്. അതുപോലെ "(ജിഎ) ആയി "സംഭരണ ഫീസ്" എന്ന നിർവചനം ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാമതായി, "(കെഎ) ആയി "യാർഡ്" എന്ന നിർവചനം ഉൾപ്പെടുത്തിയിട്ടുണ്ട്. 11-ാം വകുപ്പിന്റെ

(എ) (1)-ാം ഉപവകുപ്പിൽ "ആ വാഹനത്തിന്റെ ഭദ്രമായ സൂക്ഷിപ്പിന്" എന്നീ വാക്കുകൾക്കുപകരം "ആ വാഹനം യാർഡിൽ ഭദ്രമായി സൂക്ഷിക്കുന്നതിന്" എന്നീ വാക്കുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. അതേപോലെ "(1എ) എന്ന ഉപവകുപ്പുകൂടി കൂട്ടിചേർക്കുന്നു. ഈ വകുപ്പുപ്രകാരം ഒരു വാഹനം പിടിച്ചെടുക്കുകയും തടഞ്ഞുവയ്ക്കുകയും യാർഡിൽ ഭദ്രമായി കസ്റ്റഡിയിൽ സൂക്ഷിക്കുകയും ചെയ്യുന്നപക്ഷം അത്തരത്തിലുള്ള നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരം നീക്കം ചെയ്യൽ ഫീസും സംഭരണ ഫീസും ഈടാക്കാവുന്നതാണ്. ഭേദഗതിയിൽ ഇത്രയും കാര്യങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, 2026-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെന്റ്മെന്റ്) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2026 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സഭയുടെ പരിഗണനയിലിരിക്കുന്ന കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബില്ലിനെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട്

ചില സുപ്രധാനമായ കാര്യങ്ങൾ സഭയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഉദ്ദേശിക്കുന്നത്. കേരളത്തിലെ പൊലീസ് സ്റ്റേഷനുകൾക്കും പൊതുവഴികൾക്കും മുമ്പിൽ തുരുമ്പെടുത്ത് നശിക്കുന്ന ആയിരക്കണക്കിന് വാഹനങ്ങൾ പൊതു ഇടങ്ങളുടെ സൗന്ദര്യത്തെ മാത്രമല്ല പരിസ്ഥിതിയെയും ബാധിക്കുന്നുണ്ട്. ഇതൊരു സ്ഥിരം കാഴ്ചയായിട്ട് കേരളത്തിൽ മാറിയിട്ടുണ്ട്. എന്നാൽ ഈ ഭേദഗതി കൂടുതൽ ഫലപ്രദമാക്കാൻ വികസിത രാജ്യങ്ങളിലെ നിയമ, സാങ്കേതിക ചട്ടക്കൂടുകൾ നാം പരിശോധിക്കേണ്ടതുണ്ട്. നിലവിൽ യു.കെ.-യിലെ റോഡ് ട്രാഫിക് ആക്ട് പ്രകാരം ടാക്സ് അടയ്ക്കാത്തതോ നിയമവിരുദ്ധമായി പാർക്ക് ചെയ്തതോ ആയ വാഹനങ്ങൾ പിടിച്ചെടുത്താൽ പതിനാല് ദിവസത്തിനകം ആവശ്യമായ രേഖകളും സ്റ്റോറേജ് ഫീസും നൽകി ഉടമയ്ക്ക് വാഹനം തിരിച്ചെടുക്കാം. കാലാവധി കഴിഞ്ഞാൽ യാതൊരു ദാക്ഷിണ്യവും തത്ത്വദീക്ഷയും ഇല്ലാതെ ഓൺലൈൻ ലേലം വഴിയോ സർട്ടിഫൈഡ് സ്ക്രാപ്പിങ് യൂണിറ്റുകൾ വഴിയോ വാഹനം നിർമാർജനം ചെയ്യുന്ന ഒരു സംഭവമാണ് അവിടെ നടക്കുന്നത്. ജപ്പാനിലാകട്ടെ, വാഹനങ്ങളുടെ ആയുസ്സ് പൂർത്തിയാകുമ്പോൾ റീ-

സൈക്ലിങ് ചെയ്യാനുള്ള സാമ്പത്തികബാധ്യത വാഹന നിർമ്മാതാക്കളിലും ഉടമകളിലും മുൻകൂട്ടിതന്നെ നിക്ഷിപ്തമാണ്. ഉപേക്ഷിക്കപ്പെട്ട വാഹനങ്ങൾ പൊതുസ്ഥലങ്ങളിൽ കുന്നുകൂടുന്നത് തടയാൻ 'End of Life Cycle' മാനദണ്ഡങ്ങൾ കർശനമായി നടപ്പാക്കുന്നുണ്ട്. യു.എസ്.-ൽ, നിശ്ചിത ദിവസത്തിനകം വാഹനം ക്ലെയിം ചെയ്തില്ലെങ്കിൽ ടോവിങ് കമ്പനികൾക്കും യാർഡുകൾക്കും നിയമപ്രകാരം വാഹനം നേരിട്ട് ലേലം വിളിച്ച് പാർക്കിങ്, ടോവിങ് തുകകൾ തിരിച്ചുപിടിക്കാനുള്ള അവകാശം നൽകുന്നുണ്ട്. നമ്മുടെ ഭേദഗതിയുടെ കാര്യത്തിൽ ആറുമാസത്തിനകം ആയിരം രൂപ മുതൽ മൂവായിരം രൂപ വരെയുള്ള തുക പിഴയടച്ച് വാഹനം തിരിച്ചെടുക്കാമെന്ന വ്യവസ്ഥയുമുണ്ട്. എന്നാൽ നിസ്സാരകുറ്റങ്ങൾ ചെയ്ത ഇരുചക്ര വാഹനങ്ങൾക്കും ഗുരുതരമായ നികുതി വെട്ടിപ്പ് നടത്തിയ ഹെവി കൊമേഴ്സ്യൽ വാഹനങ്ങൾക്കും ഒരേ പിഴ ഈടാക്കുന്നത് പ്രായോഗിക അസമത്വത്തിന് വഴിവയ്ക്കും. ലംഘനത്തിന്റെ കാഠിന്യത്തിനനുസരിച്ച് പിഴത്തുക തരംതിരിക്കണം. സുന്ദർഭായ് അംബാലാൽ ദേശായി v/s സ്റ്റേറ്റ് ഓഫ് ഗുജറാത്ത് (2002) കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി

വ്യക്തമാക്കിയതുപോലെ കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ പൊലീസ് സ്റ്റേഷനുകളിൽ കിടന്ന് നശിക്കാൻ അനുവദിക്കരുത്. ജിയോ ടാഗ് ചെയ്ത ഫോട്ടോകൾ ഉൾപ്പെടെയുള്ള ഡിജിറ്റൽ സംവിധാനങ്ങൾവഴി അതിവേഗം നടപടികൾ പൂർത്തിയാക്കണം. ഫിനാൻസ് കുടിശ്ശികയോ ഇൻഷ്വറൻസ് തർക്കങ്ങളോ കാരണം ഉപേക്ഷിക്കപ്പെടുന്ന വാഹനങ്ങൾ നിശ്ചിത സമയത്തിനകം ബാങ്കുകൾ ഏറ്റെടുക്കാത്തപക്ഷം, നേരിട്ട് ലേലത്തിലേക്ക് കടക്കാനുള്ള അതിവേഗ ചട്ടം ബില്ലിൽ ഉൾപ്പെടുത്തണം. പരിസ്ഥിതി മലിനീകരണം തടയാൻ ആധുനിക സ്ക്രാപ്പിങ് ഫെസിലിറ്റി മാനദണ്ഡങ്ങൾ കർശനമാക്കുകയും സുതാര്യമായ സി.ടി. സംവിധാനം കൊണ്ടുവരികയും വേണം. ഈ ബില്ലിലെ ഉദ്ദേശ്യങ്ങൾ നല്ലതാണെങ്കിലും ഇതു നടപ്പിലാക്കേണ്ട മോട്ടോർ വാഹന വകുപ്പുകളുടെ ഇന്നത്തെ അവസ്ഥ വളരെ ദയനീയമാണ്. ജനങ്ങളെ കൊള്ളയടിക്കുന്ന അധിക നികുതിയും അഴിമതിയുമാണ് ഈ വകുപ്പിൽ നടക്കുന്നത്. ഓട്ടോമേറ്റഡ് ടെസ്റ്റിങ് സെന്ററുകൾ മുഖാന്തരം നൽകുന്ന സേവനത്തിന് 18% ജി.എസ്.ടി. അനധികൃതമായി സർക്കാർ പിരിക്കുകയാണ്. മുമ്പ് ടെസ്റ്റിൽ

പരാജയപ്പെടുന്ന വാഹനങ്ങൾക്ക് ടെസ്റ്റിങ് ഫീസ് മാത്രം ഈടാക്കിയിരുന്ന സ്ഥാനത്ത്, ഇപ്പോൾ സർട്ടിഫിക്കറ്റ് ഫീസ് വീണ്ടും ഈടാക്കി ഉടമകളെ ചൂഷണം ചെയ്യുകയാണ്. പഴയ വാഹനങ്ങൾ പൊളിക്കുന്ന സർട്ടിഫിക്കറ്റിന്റെ മറവിൽ പുതിയ വാഹനങ്ങൾക്ക് റോഡ് നികുതിയിൽ 15% ഇളവ് നൽകുന്ന വ്യവസ്ഥയുണ്ട്. എന്നാൽ ഇതിന്റെ മറവിൽ വൻ നികുതി വെട്ടിപ്പാണ് നടക്കുന്നതെന്ന ആരോപണവുമുണ്ട്. മറുവശത്ത്, സാങ്കേതിക തകരാറുകൾമൂലം ഖജനാവിന് കോടികളുടെ നഷ്ടമാണ് ഉണ്ടാകുന്നത്. ഫാൻസി നമ്പർ ഓൺലൈൻ ലേല സംവിധാനം തകരാറിലായതുകൊണ്ട്, രണ്ട് ലക്ഷം രൂപ വരെ ലഭിക്കേണ്ടിയിരുന്ന ഫാൻസി നമ്പറുകൾക്ക് വെറും ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപയ്ക്കാണ് (1,35,000/-) കഴിഞ്ഞ പ്രാവശ്യം ലേലം പോയത്. മോട്ടോർ വാഹന വകുപ്പിന്റെ 'പരിവാഹൻ' പോർട്ടൽ പൂർണ്ണമായും സ്തംഭിച്ചതുമൂലം വാഹന ഉടമകളും സെക്കൻഡ് ഹാൻഡ് ഡീലർമാരും കടുത്ത പ്രതിസന്ധിയിലായിട്ടുണ്ട്. പുതിയ ഓട്ടോമാറ്റിക് ടെസ്റ്റിങ് സെന്ററുകളിൽ പഴയ വാഹനങ്ങൾക്ക് ഫിറ്റ്നസ് പരിശോധിക്കാൻ കഴിയാതെ വന്നപ്പോൾ രണ്ടാഴ്ചത്തെ ഇളവ് നൽകി

സർക്കാരിന് തടിതപ്പേണ്ടിവന്നു. കെ.എസ്.ആർ.ടി.സി.-യിലാണെങ്കിൽ ചെലവുചുരുക്കലിന്റെ പേരിൽ വിചിത്രമായ നയങ്ങളാണ് നടപ്പിലാക്കുന്നത്. സ്വകാര്യ ബസ്സുകൾ വാടകയ്ക്കെടുക്കാനും സ്വകാര്യവൽക്കരണത്തിനും ശ്രമിക്കുകയാണ് സർക്കാർ. വാഹനം വാങ്ങിക്കാൻ എം.എൽ.എ. ഫണ്ട് ഉപയോഗിക്കാമെന്നാണ് പറയുന്നത്. കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പദ്ധതിപ്രകാരം പഞ്ചായത്തിൽ ഒരു കളിസ്ഥലം നിർമ്മിക്കുന്നതിന് 50% എം.എൽ.എ. ഫണ്ടും 50% സംസ്ഥാന കായിക വകുപ്പിന്റെ ഫണ്ടും വിനിയോഗിച്ച് മിക്കവാറും മണ്ഡലങ്ങളിലും നടപ്പാക്കിയിട്ടുണ്ടാകും. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി, നമുക്കും അതുപോലെ ഒരു കാര്യം ചെയ്യാവുന്നതാണ്. 50% ഫണ്ട് ഗതാഗത വകുപ്പിന്റെയും 50% എം.എൽ.എ. ഫണ്ടും വിനിയോഗിച്ച് ബസ്സിന്റെ കാര്യത്തെകുറിച്ച് ആലോചിക്കാവുന്നതാണ്. ഇത് എന്റെ വ്യക്തിപരമായ അഭിപ്രായമാണ്. ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഫീസ് കൊള്ളയും, സാങ്കേതിക തകരാറുകളും പരിഹരിക്കാൻ നടപടി കൈകൊള്ളണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നു. അതോടൊപ്പം കഴിഞ്ഞ നാലുമാസമായി ആർ.ടി.

ഓഫീസുകൾ സ്തംഭനാവസ്ഥയിലാണ് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ഓൺലൈൻ സംവിധാനം പൂർണ്ണമായും തകരാറിലായിരിക്കുകയാണ്. ഇതുമൂലം പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങളെല്ലാം തടസ്സപ്പെട്ടിരിക്കുകയാണ്. ഒരു വാഹനം വാങ്ങിയശേഷം അത് സ്വന്തം പേരിലേക്ക് മാറ്റാൻപോലും സാധിക്കുന്നില്ല. മറ്റ് ആർ.ടി.ഒ. സേവനങ്ങളും തടസ്സപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ പത്തുവർഷത്തിൽ എൽ.ഡി.എഫ്. സർക്കാർ ഓൺലൈൻ സംവിധാനങ്ങളിലൂടെ ആർ.ടി. ഓഫീസിലെ ഏജന്റ് സംസ്കാരം മാറ്റിയെടുത്തിരുന്നു. എന്നാൽ ആർ.ടി. ഓഫീസുകളിലെ ഇടനിലക്കാരെയും അഴിമതിയെയും തിരിച്ചുകൊണ്ടുവരാനുള്ള ഗൂഢനീക്കം ഇതിന്റെ പിന്നിലുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. അപ്രകാരം സംശയിക്കേണ്ട സംഭവങ്ങൾ ഞാൻ ഇതിനോട് അനുബന്ധമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാകാൻ വൈകുന്നു എന്നപോലെതന്നെ സർക്കാരിലേക്ക് ലഭിക്കേണ്ട ഫീസും നികുതിയും വൈകുകയും തടസ്സപ്പെടുകയും ചെയ്തിട്ടുണ്ട്. ഏകദേശകണക്കുപ്രകാരം 500

കോടിയോളം രൂപയുടെ നികുതി, ഫീസുകൾ തുടങ്ങിയ ഇനങ്ങളിൽ സർക്കാരിന് ലഭിക്കേണ്ട വരുമാനം യഥാസമയം ലഭിക്കാത്ത സ്ഥിതിയുണ്ടായിട്ടുണ്ട്. ഇത് വാഹന ഉടമകളെ മാത്രമല്ല ഈ രംഗത്തുപ്രവർത്തിക്കുന്ന മോട്ടോർ വാഹന തൊഴിലാളികളെയും ദോഷമായി ബാധിക്കുന്നുണ്ട്. ലൈസൻസ് പുതുക്കൽ, വാഹന നികുതി അടയ്ക്കൽ, ഓണർഷിപ്പ് മാറ്റൽ തുടങ്ങിയ പ്രധാനപ്പെട്ട എല്ലാ ഇടപാടുകളും തടസ്സപ്പെടുന്ന സ്ഥിതിവിശേഷത്തിന് എത്രയുംവേഗം പരിഹാരം കാണുന്നതാണ് സംസ്ഥാനത്തിനും വകുപ്പിനും നല്ലത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ ഗതാഗത നിയമലംഘനങ്ങൾക്കുള്ള ഫൈൻ അടയ്ക്കുന്ന കാര്യത്തിലാണ് ഏറ്റവും പ്രയാസമുണ്ടാകുന്നത്. ഉദാഹരണത്തിന്, ഒരു വാഹനം പാലക്കാട് നിന്നും തിരുവനന്തപുരത്തേക്ക് വരികയാണെങ്കിൽ ചിലപ്പോൾ നിയമം ലംഘിച്ചതിന് ഇടവഴിയിൽ ഒന്നോ രണ്ടോ ഫൈൻ ചുമത്തിയിട്ടുണ്ടെങ്കിൽ, 45 ദിവസം കഴിഞ്ഞാൽ ആയതിന്റെ വിവരം വാഹന ഉടമയ്ക്ക് കിട്ടാതിരുന്നാൽ പിന്നെ ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനം നമ്മുടെ സംസ്ഥാനത്തില്ല. അപ്പോൾ

സ്വാഭാവികമായും എപ്പോഴെങ്കിലും വാഹനം പിടിച്ചെടുക്കാൻ അനുവാദം നൽകുമെങ്കിലും ആ വിവരം കൃത്യമായി കൊടുക്കണം. ഈ വിഷയവുമായി ബന്ധപ്പെട്ട് ആർ.ടി.ഒ. അധികൃതരുമായി ബന്ധപ്പെടുമ്പോൾ ഏത് ജില്ലയിൽ വച്ചാണോ നിയമലംഘനം നടന്നത് ആ ജില്ലയിൽ പോയി ഫൈൻ അടയ്ക്കണമെന്നാണ് പറയുന്നത്. അത് മാറണ്ടേ? അതുമാത്രമല്ല, സീറ്റ് ബെൽറ്റോ ഹെൽമെറ്റോ ധരിക്കാത്തതുപോലെയുള്ള നിസ്സാര കുറ്റങ്ങൾക്ക് ഫൈൻ ചെയ്യപ്പെട്ട ഉടമ ഫൈൻ അടയ്ക്കാൻ മാത്രമായി മറ്റു ജില്ലകളിൽ നേരിട്ട് പോകണമെന്ന് പറയുന്നത് വലിയ പ്രയാസമല്ലേ?

എന്റെ ഒരു അനുഭവം പറയാം. തിരുവനന്തപുരത്തുനിന്ന് ബാംഗ്ലൂരിലേക്ക് സ്ഥലംമാറിപ്പോയ ഒരു കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥൻ എന്നോട് പറഞ്ഞത് തിരുവനന്തപുരത്ത് ഉണ്ടായിരുന്ന കാലത്ത് സംഭവിച്ച ഒരു ട്രാഫിക് നിയമലംഘനത്തിന്റെ ഫൈൻ അദ്ദേഹത്തിന് ഓൺലൈനായി അടയ്ക്കാൻ കഴിയുന്നില്ല എന്നാണ്. പിഴ അടയ്ക്കാൻ അദ്ദേഹം തയ്യാറാണ്. 500 രൂപ പിഴ അടയ്ക്കാൻ ബാംഗ്ലൂരിൽനിന്ന് തിരുവനന്തപുരത്തേക്ക് നേരിട്ടുവരണം അല്ലെങ്കിൽ അഡ്വക്കേറ്റ് മുഖാന്തരം

കോടതിയിൽ തുകയൊടുക്കണം എന്നാണ് അധികൃതർ അദ്ദേഹത്തോട് പറഞ്ഞത്. ഈ ആധുനിക കാലത്ത് ഇങ്ങനെയുള്ള പഴഞ്ചൻ സിസ്റ്റവുമായി നമ്മുടെ മോട്ടോർ വെഹിക്കിൾ/ആർ.ടി. ഓഫീസുകൾ പോകുന്നത് ശരിയാണോ; അതെല്ലാം തിരുത്തപ്പെടേണ്ടതല്ലേ? ഇതുമൂലം വ്യക്തികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്കപ്പുറം സർക്കാരിലേക്ക് ലഭിക്കേണ്ട തുകയാണ് മുടങ്ങുന്നത്. ഞാൻ മനസ്സിലാക്കിയിടത്തോളം, സർക്കാരിന് ലഭിക്കേണ്ട ഫൈൻ തുകയായ 50 കോടിയോളം ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്. ഏത് സ്ഥലത്തുനിന്നും പിഴ ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനം നേരത്തെ ഉണ്ടായിരുന്നു. അത് എത്രയും പെട്ടെന്ന് പുനഃസ്ഥാപിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർഥിർക്കുകയാണ്.

മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്, Dealer Authorisation Certificate (DAUC) ലൈസൻസ് എന്നൊരു സിസ്റ്റമുണ്ടായിരുന്നു. ഉപയോഗിച്ച വാഹനങ്ങൾ വാങ്ങി കച്ചവടം നടത്തുന്നവർക്ക് സർക്കാർ ഏർപ്പെടുത്തിയതാണ് ഈ സംവിധാനം. ഒരു വാഹനം വിൽക്കാനായി

ഒരാളെ ഏല്പിക്കുമ്പോൾ ആ വാഹന ഉടമ ഇന്ന് വല്ലാത്ത ഭയപ്പാടിലാണ്. കാരണം, വാഹനം മറ്റ് നിയമവിരുദ്ധ കാര്യങ്ങൾക്ക് ഉപയോഗിച്ചാൽ വാഹന ഉടമയാണ് കുടുങ്ങുന്നത്. അതിനൊരു പരിഹാരമായാണ് ഡി.എ.യു.സി. ലൈസൻസ് സിസ്റ്റം ഇവിടെ കൊണ്ടുവന്നത്. ഒരു ഡീലർക്ക് വാഹനം കൈമാറുമ്പോൾ വാഹന ഉടമയും ഡി.എ.യു.സി. ലൈസൻസുള്ള ഡീലറും ഒരു ഓൺലൈൻ നടപടിക്രമം പൂർത്തിയാക്കണം. ഇതിലൂടെ വാഹനത്തിന്റെ രജിസ്റ്റേർഡ് ഉടമ മാറുന്നില്ലെങ്കിലും പിന്നീടുണ്ടാകുന്ന നിയമലംഘനങ്ങൾ, അപകടം, മറ്റു കുറ്റകൃത്യങ്ങൾ, മറ്റു സാധനങ്ങൾ കടത്തൽ എന്നിവയ്ക്കൊന്നും വാഹന ഉടമ ഉത്തരവാദിയാകില്ല, വാങ്ങിയ ആളാണ് അതിന്റെ ബാധ്യത നടത്തേണ്ടി വരിക. വാഹനത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം ഡി.എ.യു.സി. ലൈസൻസുള്ള ഡീലർക്ക് മാത്രമായിരിക്കും. ഇത്തരത്തിൽ എല്ലാ വാഹന ഡീലർമാർക്കും ഡി.എ.യു.സി. ലൈസൻസ് എടുക്കുന്നതിന് എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അപേക്ഷ ക്ഷണിച്ചിരുന്നു. അഞ്ചുവർഷം കാലാവധിയുള്ള ഈ ലൈസൻസിന് ₹25,000 ആണ് ഫീസ് നിശ്ചയിച്ചത്. ഏകദേശം 2000 പേർ ഈ

ലൈസൻസിന് അപേക്ഷിച്ച് ഫീസും അടച്ചു. 900 പേർക്ക് ലൈസൻസ് നൽകിയപ്പോഴേക്കും സർക്കാർ മാറി യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽവന്നു. ഇപ്പോഴും ബാക്കിയുള്ള 1,100 പേർക്ക് ലൈസൻസ് നൽകിയിട്ടില്ല. വാഹന വില്പന നടത്തുന്ന വാഹന ഉടമകൾക്ക് ലഭിക്കേണ്ട സ്വാഭാവിക നീതി ഉറപ്പുവരുത്തുന്നതിന് സഹായകമാകുന്ന സംവിധാനമാണ് മുൻസർക്കാർ ലക്ഷ്യമിട്ടത്. അതിപ്പോൾ അവതാളത്തിലായി. ഫീസടച്ച് അപേക്ഷ നൽകിയവർക്ക് ലൈസൻസ് നൽകാൻപോലും കഴിഞ്ഞ അഞ്ച് മാസത്തിൽ സാധിച്ചിട്ടില്ല എന്നുള്ളതാണ് വസ്തുത. അപേക്ഷകർക്ക് ഡി.എ.യു.സി. ലൈസൻസ് എത്രയുംപെട്ടെന്ന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി ഞാൻ അഭ്യർഥിക്കുന്നു. എന്തായാലും ഈ വിഷയവുമായി ബന്ധപ്പെട്ട് ലോകത്തും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുമെല്ലാം നടക്കുന്ന രീതിയിൽ വളരെ കൃത്യമായി പഠനം നടത്തണം. അതുപോലെ കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥൻ പറഞ്ഞ മറ്റൊരു കാര്യം, അദ്ദേഹം നിർത്താൻ പാടില്ലാത്ത സ്ഥലത്ത് വാഹനം നിർത്തി ഷോപ്പിങ് കഴിഞ്ഞ് തിരിച്ചുവന്നതും അദ്ദേഹത്തിന് ഒരു മെസേജ് വന്നു.

പൈസ അടയ്ക്കണം, അദ്ദേഹം അടച്ചു. എന്നാൽ ഇവിടെ അങ്ങനെ പറ്റില്ല. അപ്പോൾ അത്തരം കാര്യങ്ങളിൽ വളരെ ഗൗരവത്തോടുകൂടി നടപടി സ്വീകരിക്കണം. ഒരുപാട് ആളുകളെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി കൃത്യമായി എല്ലാ വിഷയങ്ങളും പഠിക്കണം. അതിന് വിവരമുള്ള ഒരു മന്ത്രിയാണെന്നുള്ള വിശ്വാസമാണ് എനിക്കുള്ളത്. ആ രീതിയിൽ എല്ലാ ന്യൂനതകളും പരിഹരിച്ചുകൊണ്ട് ഈ നിയമം പാസാക്കി നടപ്പാക്കുമെന്ന പ്രതീക്ഷയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എഫ്. രാജു ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ജ്യോതികുമാർ ചാമക്കാല): സർ, 2026-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെന്റ്മെന്റ്) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന 2 ബി നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഈ അവസരം എനിക്കായിരുന്നില്ല ലഭിച്ചിരുന്നത്. മറ്റൊരംഗത്തിന്റെ അസൗകര്യം മൂലമാണ് എനിക്ക് സംസാരിക്കാൻ അവസരം ലഭിച്ചത്. കേരള മോട്ടോർ വാഹന നികുതി (ഭേദഗതി) ബില്ലിൽ ഏറെ കാര്യമാത്ര

പ്രസക്തമായ ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. നമുക്കറിയാം, സംസ്ഥാനത്തുടനീളം എവിടേയ്ക്ക് യാത്രചെയ്താലും നിലവിൽ പൊലീസ് സ്റ്റേഷൻ കണ്ടെത്തണമെങ്കിൽ ഒരു സൈൻ ബോർഡിന്റെയും ആവശ്യമില്ല. എവിടെയാണോ റോഡ്സൈഡിൽ പിടിച്ചെടുത്ത വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് അതിന് തൊട്ടടുത്ത് പൊലീസ് സ്റ്റേഷനുണ്ടെന്ന് ഉറപ്പിക്കാൻ കഴിയും. അത്തരത്തിൽ നമുക്ക് ഉറപ്പിക്കാൻ കഴിയുന്ന മറ്റൊരു സംവിധാനം, 'വൈകിട്ടെന്താ പരിപാടി' എന്ന് ചോദിച്ചശേഷം നമ്മൾ റോഡ് സൈഡിലേക്ക് പോകുമ്പോൾ കൂടുതൽ വാഹനങ്ങൾ കാണുന്നുണ്ടെങ്കിൽ ഉറപ്പിക്കാം അവിടെ വൈകിട്ടത്തെ പരിപാടികൾക്കുള്ള സംവിധാനമാണെന്ന്. റോഡ്സൈഡിൽ പിടിച്ചെടുത്ത വാഹനങ്ങൾ കൂട്ടിയിടുന്നത് ഒരുപാട് അപകടങ്ങൾക്കും അതിനപ്പുറത്തേക്ക് ഗതാഗതത്തിനും തടസ്സമാകുന്നുണ്ട്. ഇവിടെ മുമ്പ് സൂചിപ്പിച്ചതുപോലെ കാലുംകൈയുമെല്ലാം ഒടിഞ്ഞ വാഹനങ്ങൾ കേന്ദ്രീകരിച്ച് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. പൊലീസ് കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ പലതും കസ്റ്റഡിയിലിരിക്കെത്തന്നെ കാണാതെ പോകുന്നുണ്ട്.

കാലപ്പഴക്കംമൂലം പലരും തുക അടച്ച് തിരിച്ചെടുക്കാതെ പോകുന്നുണ്ട്. ഇത് പൊതുസമൂഹത്തിനുതന്നെ ഭീഷണിയാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. അതിനൊരു അന്ത്യംകുറിക്കാൻ കൂടിയാണ് ഇവിടെ ഇത്തരത്തിലൊരു നിയമഭേദഗതി കൊണ്ടുവന്നിട്ടുള്ളത്.

ഇവിടെ മന്ത്രി സൂചിപ്പിച്ചതുപോലെ, 24-06-2025-ൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉത്തരവിറക്കിയെങ്കിലും ആ ഉത്തരവിന് നിയമപരമായ അടിത്തറ നൽകുന്നതിന് ഇത്തരത്തിലൊരു ഭേദഗതി വേണമെന്ന കാര്യം ആ സർക്കാർ മറന്നുപോയതുകൊണ്ടാണ് പുതിയ സർക്കാരിന് ഈ നിയമഭേദഗതി കൊണ്ടുവരേണ്ടിവന്നത്. ഇവിടെ കാര്യങ്ങൾ കൃത്യമാണ്. സബ് ഇൻസ്പെക്ടർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനോ, ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ പദവിയിലുള്ള ഉദ്യോഗസ്ഥനോ, അതിന് മുകളിലുള്ള ഉദ്യോഗസ്ഥരോ ഇത്തരത്തിൽ ടാക്സ് അടയ്ക്കാത്ത ഒരു വാഹനം പിടിച്ചെടുത്താൽ, അപ്പോൾത്തന്നെ റിക്കവറി വാഹനം ഉപയോഗിച്ച് അത് ടോ (tow) ചെയ്ത് ഓരോ താലൂക്കിലും നിശ്ചയിച്ചിട്ടുള്ള യാർഡിലേക്ക് മാറ്റാൻ കഴിയും. അത്തരത്തിൽ

മാറ്റുന്നതിലൂടെ റോഡ് സൈഡിൽ പാർക്ക് ചെയ്യേണ്ട സാഹചര്യം ഒഴിവാകുന്നു. അതിനപ്പുറം പി.പി.പി. (പ്രൈവറ്റ്-പബ്ലിക് പാർട്ണർഷിപ്പ്) മോഡലിൽ യാർഡുകൾ സ്ഥാപിക്കുന്നതിലൂടെ, അവിടെ വാഹനം എത്തിക്കുന്നതിന് ഒരു നിശ്ചിത തുക ആർ.സി. ഓണർ നൽകേണ്ടതായിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ ചട്ടങ്ങൾ വരുമ്പോഴാണ് അതിന്റെ തുക തീരുമാനിക്കേണ്ടത്. 1,000 രൂപ മുതൽ 3,000 രൂപ വരെയാകുമെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അങ്ങനെ വാഹനം ടോ (tow) ചെയ്ത് യാർഡിലേക്ക് എത്തിച്ചാൽ അതിന്റെ ചുമതലക്കാരുടെ ഉത്തരവാദിത്വമാണ് ആ വാഹനം ഏത് രീതിയിലാണോ അവിടെ എത്തിച്ചിട്ടുള്ളത് അതേ രീതിയിൽ പുറത്തേക്ക് തിരിച്ചുകൊടുക്കുക എന്നത്. ടാക്സ് അടച്ചാൽ വാഹനം തിരിച്ചുകൊടുക്കുന്നുവെന്ന് യാർഡിന്റെ ചുമതലക്കാരാണ് ഉറപ്പുവരുത്തേണ്ടത്. അപ്പോൾ ഒരു വാഹനം പിടിച്ചെടുത്താൽ അതിന്റെ ഉടമസ്ഥന് ആ വാഹനത്തെ സംബന്ധിച്ച് സുരക്ഷിതബോധം ഉണ്ടാകുന്നു എന്നതാണ് അടിസ്ഥാനപരമായ ആദ്യത്തെ ഗുണം. രണ്ടാമത്തേത് ഞാൻ നേരത്തെ പറഞ്ഞതുപോലെ റോഡ്

സൈഡിൽ പാർക്ക് ചെയ്യേണ്ടിവരില്ല. അത് പൊലീസ് സ്റ്റേഷനെ സംബന്ധിച്ച് മുഖച്ഛായ മാറുന്ന ഒരു പ്രവൃത്തി കൂടിയാണ്. മൂന്നാമത്തേത്, അവിടെ പാർക്ക് ചെയ്യുമ്പോൾ ടാക്സ് അടച്ച് ഈ വാഹനം റിലീസ് ചെയ്യുന്നതുവരെയുള്ള ഓരോ ദിവസത്തേക്കും 25 രൂപ മുതൽ 250 രൂപ വരെ, അത് എത്രയെന്ന് നിശ്ചയിക്കേണ്ടതുണ്ട്, അത് പാർക്കിങ് ഫീസായോ അല്ലെങ്കിൽ യാർഡിൽ സൂക്ഷിക്കുന്നതിനുള്ള തുകയായോ നൽകേണ്ടതുണ്ട്. അങ്ങനെ പരമാവധി ആറ് മാസംവരെ അവിടെ സൂക്ഷിക്കുകയും അതിനുള്ളിൽ വാഹനം യഥാക്രമം നികുതി അടച്ച് ആർ.സി. ഓണർ റിലീസ് ചെയ്യുകൊണ്ട് പോകുന്നില്ലെങ്കിൽ സർക്കാരിന് തുടർനടപടിയുമായി മുന്നോട്ടുപോകാനുള്ള അവസരവും ലഭിക്കുകയാണ്.

തീർച്ചയായും നമ്മുടെ പ്രദേശങ്ങളിൽ ഇത്രയും കാലമുണ്ടായിരുന്ന വലിയൊരു ബുദ്ധിമുട്ട് ഈ തീരുമാനത്തിലൂടെ ഇല്ലാതാകുകയാണ്. മാത്രമല്ല, ടാക്സ് അടയ്ക്കാത്തതിന്റെ പേരിൽ വാഹനം വിട്ടുനൽകുന്ന ഉടമസ്ഥർക്ക് സുരക്ഷിതത്വബോധവും ഉണ്ടാകുന്നുവെന്നതാണ് അതിന്റെ പ്രത്യേകത. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളൊക്കെ വളരെ കൃത്യമായി ഭേദഗതിയിൽ

പറയുന്നുണ്ട്. ഒരു മോട്ടോർ വാഹനം നികുതി അടയ്ക്കാതെ സംസ്ഥാനത്തിനകത്ത് ഉപയോഗിക്കപ്പെടുന്നുവെന്നോ ഉപയോഗത്തിനായി സൂക്ഷിച്ചിരിക്കുന്നുവെന്നോ വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ ആ വാഹനം പിടിച്ചെടുക്കാവുന്നതും തടഞ്ഞുവയ്ക്കാവുന്നതും നികുതി അടച്ചതുമായി ബന്ധപ്പെട്ട തെളിവ് ഹാജരാക്കുന്നതുവരെ ആ വാഹനത്തിന്റെ ഭദ്രമായ സൂക്ഷിപ്പിന് ആവശ്യമായ ഏർപ്പാടുകൾ ചെയ്യാവുന്നതുമാണെന്ന് കൃത്യമായി ഈ ബില്ലിന്റെ ഭേദഗതിയിൽ പറയുന്നുണ്ട്. അതിനാൽ കേരളത്തിലെ എല്ലാ താലൂക്കുകളിലും പിടിച്ചെടുത്ത/തടഞ്ഞുവച്ചിരിക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിനുള്ള അംഗീകൃത യാഡുകൾ സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. താലൂക്ക് അടിസ്ഥാനത്തിൽ ഇത്തരത്തിൽ വാഹനങ്ങൾ സൂക്ഷിക്കാൻ കഴിയുന്നതിലൂടെ ആ താലൂക്കിന്റെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകളിൽനിന്ന് അല്ലെങ്കിൽ ആർ.ടി. ഓഫീസിൽനിന്ന് പിടിച്ചെടുക്കപ്പെടുന്ന വാഹനങ്ങൾ വളരെ കൃത്യമായി അവിടെ സൂക്ഷിക്കുന്നതിനും കൂടിശ്ശികയായി അടയ്ക്കാനുള്ള തുകകളെല്ലാം (ടാക്സുൾപ്പെടെയുള്ള) ഓൺലൈനായി അടച്ചതിനുശേഷം സർട്ടിഫിക്കറ്റ്

ഹാജരാക്കുന്ന മുറയ്ക്ക് വാഹനങ്ങൾ റിലീസ് ചെയ്യാൻ സാധിക്കും. അവിടെനിന്നും റിക്കവർ ചെയ്യുന്നതിനുള്ള ഫീസും സ്റ്റോറേജിനുള്ള ഫീസും അടച്ചതിനുശേഷം നിയമാനുസൃതമായി ആ വാഹനം എങ്ങനെ യാഡിലേക്ക് കൊണ്ടുപോയത് അതുപോലെതന്നെ തിരിച്ചുകൊണ്ടുപോകുന്നതിന് സാധിക്കും. ഇതിന് സഞ്ചിത നിധിയിൽനിന്നും യാതൊരു അധിക ചെലവും വരുന്നില്ലെന്ന് പറഞ്ഞതിനെ ഇവിടെ വിമർശിക്കുന്നത് കേൾക്കുകയുണ്ടായി. സ്വാഭാവികമായും, സർക്കാരിന് ചെലവുവരാതെ കേരളത്തിന്റെ അങ്ങോളമിങ്ങോളമുള്ള പോലീസ് സ്റ്റേഷനുകളുടെയും ആർ.ടി. ഓഫീസുകളുടെയും മുഖച്ഛായ മാറ്റുന്ന രീതിയിലുള്ള ഒരു നിയമ ഭേദഗതി കൊണ്ടുവരുന്നത് നല്ലതാണ്. വളരെ ചെറിയ ഭേദഗതിയാണെങ്കിൽപ്പോലും അത് നമ്മുടെ സംസ്ഥാനത്തിനുണ്ടാക്കുന്ന ഇംപാക്ട് വളരെ വലുതാണെന്ന് പറയാതിരിക്കാൻ നിർവാഹമില്ല. അതുമായി ബന്ധപ്പെട്ട് എനിക്ക് മുമ്പ് സംസാരിച്ച അംഗം നിരവധിയായ ആക്ഷേപങ്ങൾ എഴുതിവച്ച് വായിച്ചത് കേൾക്കുകയുണ്ടായി. ഇവിടെ ശ്രീ. സി. പി. ജോൺ സംസ്ഥാനത്തിന്റെ ഗതാഗത വകുപ്പുമന്ത്രിയായിട്ട് നാല് മാസമേയായിട്ടുള്ളൂ. ബഹുമാനപ്പെട്ട

അംഗം പറഞ്ഞ ഇത്രയും കുറ്റങ്ങൾ ശ്രീ. സി. പി. ജോൺ മന്ത്രിയായതിനുശേഷം സംസ്ഥാനത്തുണ്ടായിയെന്ന് പറഞ്ഞാൽ, ഞാൻ എം.എൽ.എ.-മാർക്ക് അനുവദിച്ചിട്ടുള്ള പത്ത് ലക്ഷം രൂപ ലോൺ എടുത്ത് ഒരു വാഹനം വാങ്ങിയ ആളാണ്. എനിക്ക് ടി വാഹനം രജിസ്റ്റർ ചെയ്യുന്നതിനോ ഓൺലൈനായി നമ്പർ ലഭിക്കുന്നതിനോ അതിന്റെ മറ്റുനടപടിക്രമങ്ങൾ ഓൺലൈനായി ചെയ്യുന്നതിനോ ഒരു തടസ്സവുമുണ്ടായിട്ടില്ല. ഇല്ലാത്ത കാര്യങ്ങൾ ഉണ്ടെന്ന് പറഞ്ഞ് പരത്തുന്നതിൽ എന്ത് സുഖമാണ് ഇവർക്കെല്ലാം ലഭിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇത്തരത്തിൽ ഏതെങ്കിലുമൊരു പെനാൽറ്റി അടിച്ചാൽ അത് കോടതിയ്ക്ക് കൈമാറാത്തിടത്തോളം കാലം ഓൺലൈനായി ഫീസ് അടച്ച് ആ പെനാൽറ്റിയിൽനിന്നും ഒഴിവാകുന്നതിന് വ്യവസ്ഥാപിതമായ മാർഗങ്ങളുണ്ട്. നമ്മുടെ രാജ്യം ഇത്രയും പുരോഗതി കൈവരിച്ചിരിക്കുമ്പോൾ, പ്രത്യേകിച്ച് മണി ട്രാൻസാക്ഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം മാർഗങ്ങളാണുള്ളത്. എന്നിട്ടും ബാംഗ്ലൂരിൽനിന്നും ഒരാൾ ഫീസ് അടയ്ക്കുന്നതിനായി ഇവിടെ വന്നുവെന്നാണ് പറഞ്ഞത്. ആ മാന്യനെ

കണ്ടാൽ കൊള്ളാമെന്നുണ്ട്. ബാംഗ്ലൂരിൽനിന്നും ഇവിടെ വന്നാണ് 500 രൂപ പെനാൽറ്റി അടച്ചതെങ്കിൽ അദ്ദേഹത്തെ കണ്ടാൽ നല്ലതായിരുന്നു. അദ്ദേഹത്തെ കാണുന്നതിനായി ബഹുമാനപ്പെട്ട എ. പ്രഭാകരൻ ഒരവസരമുണ്ടാക്കി തരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കോടതിയിലേക്ക് റഫർ ചെയ്യാത്ത കേസുകളുടെ പെനാൽറ്റികളെല്ലാം ഓൺലൈനായി അടയ്ക്കാൻ ഇപ്പോഴും സംവിധാനമുണ്ട്.

ആർ.ടി. ഓഫീസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി നിരവധി പരിഷ്കാരങ്ങൾ കൊണ്ടുവരുന്നുണ്ട്. എം.എൽ.എ.-മാർക്ക്, എം.എൽ.എ.-മാരുടെ ഫണ്ടിൽനിന്ന് വാഹനം വാങ്ങി നൽകാം. അദ്ദേഹം കാണുമ്പോഴെല്ലാം എന്തുകൊണ്ടാണ് വാഹനം വാങ്ങി നൽകാത്തതെന്ന് ചോദിക്കുന്നുണ്ട്. ഈ ഒരു കാര്യത്തിൽ മാത്രം അദ്ദേഹത്തെ കാണുമ്പോൾ പേടിച്ച് മാറേണ്ടതുണ്ട്. കാരണം എം.എൽ.എ. ഫണ്ടിൽനിന്നും ഒരു വിഹിതം നൽകണമെന്ന് അദ്ദേഹം വാശിപിടിക്കുകയാണ്. തീർച്ചയായും അത് കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനാണ് എന്നതിനാൽ .....

ശ്രീ. നജീബ് കാന്തപുരം: സർ, വാഹന നികുതിയുമായി ബന്ധപ്പെട്ടും അതിന്റെ യാഡുമായി ബന്ധപ്പെട്ടും വളരെ പ്രധാനപ്പെട്ട ചർച്ചയാണ് നടക്കുന്നത്. കഴിഞ്ഞ സഭയിൽ ഞാൻ ഒരു പ്രൈവറ്റ് ബിൽ മൂവ് ചെയ്തിരുന്നു. പക്ഷെ അത് അവതരിപ്പിക്കുന്നതിനുള്ള അവസരം ലഭിച്ചില്ല. പിടിച്ചെടുക്കുന്ന വാഹനങ്ങൾ ഉപയോഗിക്കാൻ കഴിയുന്ന ഒരു നിയമനിർമ്മാണം രൂപീകരിച്ച് അതിനുവേണ്ടി ബോർഡോ മറ്റോ നിർമ്മിച്ച് ആ ബോർഡിന്റെ കീഴിൽ ഇതിന്റെ പ്രോപ്പർട്ടിയെല്ലാം വരികയും നിയമപരിരക്ഷയോടുകൂടിതന്നെ ഈ വാഹനങ്ങൾ സർക്കാർ സംവിധാനം ഉപയോഗിച്ച് റെന്റിന് നൽകുന്നതിനുള്ള സംവിധാനവും മറ്റും ഉണ്ടാക്കിയാൽ അത് ഗവൺമെന്റിന് ഒരു വരുമാനമാകുകയും ചെയ്യും. ഇത്തരത്തിൽ വാഹനങ്ങൾ കൂട്ടിയിട്ടാൽ അത് വലിയ രീതിയിലുള്ള സാമൂഹിക വിപത്തായി മാറും. പല സ്ഥലത്തും ഇത്തരത്തിലുള്ള വാഹനങ്ങൾ സാമൂഹിക പ്രശ്നമാകും. പ്രത്യേകിച്ചും സാമൂഹിക വിരുദ്ധരുടെ താവളമായി മാറുന്നു. അതുപോലെ ആളുകൾക്ക് വലിയ തോതിൽ ഭയപ്പാടുണ്ടാക്കുന്ന തരത്തിലേക്ക് പോകുകയും കോടാനുകോടി രൂപയുടെ നഷ്ടമുണ്ടാകുകയും ചെയ്യുന്നു. ഇതിനൊരു

സംവിധാനമുണ്ടാക്കി ഗവൺമെന്റിന് ഈ വാഹനങ്ങൾ ഓടിക്കാൻ കഴിയുന്ന ഒരു നിയമനിർമ്മാണത്തെക്കുറിച്ചുകൂടി ആലോചിക്കുന്നത് ഗുണകരമാകുമെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ; അത്തരത്തിലുള്ള ഒരു ആശയംകൂടി ഈ ബില്ലിന്റെ ഭാഗമായി കൊണ്ടുവരുന്നതിന് സാധിക്കുമോ?

<u>ശ്രീ. ജ്യോതികുമാർ ചാമക്കാല</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനെ സംബന്ധിച്ചും മറ്റും ബഹുമാനപ്പെട്ട മന്ത്രി കൂടുതൽ വ്യക്തമാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എല്ലാ അർഥത്തിലും ഒരു ചെറിയ അമെന്റ്മെന്റിലൂടെ സംസ്ഥാനത്തുനിന്നും പിടിച്ചെടുത്ത വാഹനങ്ങൾ റോഡിന്റെ വശങ്ങളിൽ പാർക്ക് ചെയ്തിരിക്കുന്നതുൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ഇത്തരത്തിലൊരു നിയമനിർമ്മാണം കൊണ്ടുവരുന്നതിനുള്ള ഉത്തരവ് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊണ്ടുവന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് അംഗീകരിച്ചുകൊണ്ടുതന്നെ ഇത്തരത്തിലൊരു നിയമ ഭേദഗതി നിലവിൽ പ്രായോഗികമായി കൊണ്ടുവരുന്നതിനായി കൊണ്ടുവരുന്നതിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. സർക്കാർ അധികാരത്തിൽനിന്നും മാറി

നാല് മാസം കഴിഞ്ഞതിന്റെ പേരിൽ ഗതാഗത വകുപ്പുമന്ത്രിയെ/ഗതാഗത വകുപ്പിനെ ഇത്തരത്തിൽ അടച്ചാക്ഷേപിക്കുന്നത് ശരിയാണോയെന്ന് എനിക്ക് മുമ്പ് സംസാരിച്ച അംഗം പരിശോധിക്കണമെന്നാണ് പറയാനുള്ളത്. ഓട്ടോമാറ്റിക് ടെസ്റ്റിങ് സെന്ററിനെ സംബന്ധിച്ച് ഞാൻതന്നെ ബഹുമാനപ്പെട്ട മന്ത്രിക്ക് പരാതി നൽകിയിട്ടുള്ളതാണ്. എന്റെ ജില്ലയിൽ രണ്ട് ഓട്ടോമാറ്റിക് ടെസ്റ്റിങ് സെന്ററുകളാണുള്ളത്. ആ രണ്ട് സെന്ററുകളിൽ മാത്രം പോകേണ്ടതായി വരുമെന്നതുകൊണ്ടാണ് രണ്ടാഴ്ച കാലത്തേയ്ക്ക് ഇതെല്ലാം നടപ്പാക്കിയിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ നിർദേശാനുസരണം കഴിഞ്ഞ ഇടതുപക്ഷ സർക്കാരാണ് ഇക്കാര്യം നടപ്പിലാക്കിയതെന്ന കാര്യം നമ്മൾ മറക്കരുത്. അങ്ങനെ ഈ ടെസ്റ്റിങ് യൂണിറ്റുകൾ ആരംഭിക്കാൻ കഴിഞ്ഞ ഇടതുപക്ഷ സർക്കാരാണ് തീരുമാനിച്ചത്. അത് പ്രായോഗികമായി നടപ്പിലാക്കിയപ്പോഴുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്നാണ് അദ്ദേഹം രണ്ടാഴ്ചത്തേക്ക് അത് നീട്ടിനൽകിയത്. ഇപ്പോൾ ആ സമയ പരിധി കഴിഞ്ഞിട്ടും അതിന് പരിഹാരമുണ്ടാകാത്തതിനാണ്

അദ്ദേഹം വീണ്ടും രണ്ടാഴ്ചത്തേക്ക് ഓട്ടോമാറ്റിക് ടെസ്റ്റിങ് സെന്ററുകളുടെ പ്രവർത്തനത്തിപ്പുറത്തേക്ക് അതാത് താലൂക്കുകളിൽത്തന്നെ ചെയ്യുന്നതിനുള്ള അവസരം നൽകിയത്. എന്നാൽ അങ്ങനെ ചെയ്യുമ്പോൾ ആ താലൂക്കിൽത്തന്നെ ഫീസ് അടയ്ക്കുന്നതിന് കഴിയാതെ വരുമ്പോൾ സ്വാഭാവികമായും മറ്റു ജില്ലകളിൽ ഫീസ് അടച്ചുകൊണ്ട് അവിടെ ടെസ്റ്റിന് ഹാജരാകുന്നതിനുള്ള സംവിധാനം ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക നിർദേശപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സാധാരണക്കാരെ സംബന്ധിച്ച് അദ്ദേഹം ഇത് താലൂക്ക് അടിസ്ഥാനത്തിൽ ഓട്ടോമാറ്റിക് ടെസ്റ്റിങ് യൂണിറ്റുകൾ വരുന്നതുവരെ തുടർന്നും അതാത് താലൂക്കുകളിൽ നിലവിലുള്ള സംവിധാനമനുസരിച്ചുതന്നെ ടെസ്റ്റിങ്ങുകൾ നടത്തുന്നതിനുള്ള സംവിധാനം കൊണ്ടുവരണമെന്നാണ് എനിക്ക് വ്യക്തിപരമായി അദ്ദേഹത്തോട് അഭ്യർഥിക്കാനുള്ളത്. അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് ക്രിയാത്മകമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിനെയെല്ലാം പിന്തുണച്ചുകൊണ്ട് ഈ ഭേദഗതിയെ അംഗീകരിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, ഈ ഒരു ഭേദഗതി ബില്ലിനെക്കുറിച്ചുള്ള ചർച്ച വിമർശനങ്ങളുണ്ടായെങ്കിലും വളരെ ക്രിയാത്മകമായാണ് നടന്നുവെന്നതിൽ അതിയായ സന്തോഷമുണ്ട്. ഒന്നാമതായി, മലമ്പുഴ അംഗമായ ശ്രീ. എ. പ്രഭാകരൻ നടത്തിയ പ്രസംഗത്തിൽ വിവിധ രാജ്യങ്ങളിലെ ബെസ്റ്റ് പ്രാക്ടീസസിനെ സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. തീർച്ചയായും അത്തരത്തിലുള്ള ബെസ്റ്റ് പ്രാക്ടീസസിൽനിന്നും ഏതെല്ലാമാണ് നമുക്ക് സ്വീകരിക്കാൻ കഴിയുമെന്നത് പരിശോധിച്ച് അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാമെന്ന് ആമുഖമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പോലീസ് സ്റ്റേഷനിലെ വാഹനങ്ങളെ സംബന്ധിച്ച് ചെറിയ ആശയക്കുഴപ്പം പോലുമുണ്ടാകാൻ പാടില്ല. അത് തൊണ്ടിമുതലായി കിടക്കുന്ന വാഹനങ്ങളുടെ വിഷയം ഫൈൻ അടയ്ക്കുന്നതിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. അതിന് നിയമപരമായ ചില പ്രശ്നങ്ങളുമുണ്ടെന്ന് ഞാൻ സൂചിപ്പിക്കുന്നു. കൂടാതെ, സ്ക്രാപ്പിങ് ഫെസിലിറ്റിക്കുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. അദ്ദേഹം ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം എ.ടി.എസ്.-കളെക്കുറിച്ചാണ്. കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്തുതന്നെ ഒരു ജില്ലയിൽ രണ്ട് എണ്ണം വീതം കൊണ്ടുവരുന്നതിനാണ് അതായത്, 28 എ.ടി.എസ്-കൾ കൊണ്ടുവരുന്നതിനാണ് തീരുമാനിച്ചത്. എന്നാൽ അതിനുവേണ്ടി കരാർ എടുത്തിട്ടുള്ള ഏജൻസികൾ/വ്യക്തികൾ അതിനെ വിജയിപ്പിച്ചില്ല. മൂന്നെണ്ണം മാത്രമാണ് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞത്. ആ മൂന്ന് എണ്ണം പ്രവർത്തിച്ച സ്ഥലങ്ങളിൽത്തന്നെ പ്രശ്നങ്ങളുണ്ടായി. പ്രത്യേകിച്ച് കൊല്ലത്തും ആലപ്പുഴ ജില്ലയുടെ ചില ഭാഗങ്ങളിലുമാണ് ആ പ്രശ്നമുണ്ടായത്. ഉടനെത്തന്നെ അതിലിടപെടുകയും മാന്വലായി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയുയാണ്. സഭയെ അറിയിക്കാനുള്ള ഒരു കാര്യം ഞാൻ മറ്റൊരു അവസരത്തിൽ പറഞ്ഞിരുന്നു. ഇക്കാര്യത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് തന്നെ നമ്പർ പ്ലേറ്റുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ വന്നപ്പോൾ അത് പരിഹരിക്കുന്നതിനുള്ള ചില നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്നുണ്ട്. അതുകൊണ്ട് ആർക്കെങ്കിലുമൊരു ബുദ്ധിമുട്ട് വന്നാൽ അതിലുടനെ ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കുകയാണ് ചെയ്യുന്നത്. അഴിമതിയെക്കുറിച്ചൊക്കെ അദ്ദേഹം

പറഞ്ഞു. അതൊക്കെ പ്രത്യേകമായി ഒരു വകുപ്പിലുള്ളതല്ല. അതിനാൽ അതുസംബന്ധിച്ച് ഞാൻ മറുപടി പറയുന്നില്ല. മറ്റൊന്ന്, പരിവാഹൻ പോർട്ടലിനെക്കുറിച്ചുള്ള പരാതിയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് അടുത്ത മാസംതന്നെ ഞാൻ ഡൽഹിയിൽ ചെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയായ ശ്രീ. നിതിൻ ഗഡ്കരിയുമായി വിശദമായ ചർച്ച നടത്തിയിരുന്നു. ഒരാഴ്ചക്കകത്ത് അല്ലെങ്കിൽ അഞ്ചുപത്ത് ദിവസത്തിനകത്ത് ഈ പ്രശ്നമെല്ലാം പരിഹരിക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്. അതിൽ വലിയ പരിമിതിയുണ്ട്, പരാതികളുണ്ട്. കാരണം അതെല്ലാം വേണ്ടത്ര പരിഹരിക്കപ്പെട്ടിട്ടില്ല. ഇപ്പോഴും വലിയ തോതിൽ അത് ഹാങ് ചെയ്യുന്നുണ്ട്. പ്രവർത്തന സമയം ഹാങ് ചെയ്യുന്നതിനാൽ പല സ്ഥലത്തും ആളുകൾക്ക് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ടീം അവിടെ പോയ സമയത്ത് ഉദ്യോഗസ്ഥ തലത്തിൽ അക്കാര്യം സംസാരിച്ചിരുന്നു. ടി വിഷയം നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്. അത് നമ്മുടെ പരിധിയിൽപ്പെട്ടതല്ലെന്ന് പറഞ്ഞുകൊണ്ട് കൈയൊഴിയുന്ന ഒരു സമീപനമല്ല സ്വീകരിക്കുന്നത്. മറ്റൊന്ന്, ആർ.ടി. ഓഫീസുകളുടെ

പ്രശ്നത്തെ സംബന്ധിച്ചാണ്. ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. ഉച്ചയ്ക്കുശേഷവും പ്രവർത്തിക്കുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. ഇന്ന് ആർ.ടി. ഓഫീസുകളിൽ ആ ബുദ്ധിമുട്ടില്ല.

ബഹുമാനപ്പെട്ട അംഗം ശ്രീ. ജ്യോതികുമാർ ചാമക്കാല ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞതുപോലെ, ഓൺലൈനിൽ ഫൈൻ അടയ്ക്കാൻ തടസ്സമില്ല. എന്നാൽ പ്രസ്തുത ഫൈൻ കോടതിയിൽ പോകേണ്ടത്. കോടതിയിൽ പോയ കേസായിരിക്കും ശ്രീ. എ. പ്രഭാകരന്റെ സ്നേഹിതൻ ബാംഗ്ലൂരിൽ നിന്ന് വിളിച്ച് പറഞ്ഞത്. കോടതിയിൽ പോകാത്ത കേസുകൾക്ക് ഓൺലൈനിൽ ഫൈൻ അടയ്ക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ലായെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തെയും ഈ സഭയെയും ഞാൻ അറിയിക്കുന്നു. മറ്റൊരു കാര്യം ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പ്രഭാകരൻ പറഞ്ഞത്, ഫൈൻ അടയ്ക്കാനുള്ള പ്രയാസത്തെക്കുറിച്ചാണ്. അത് കൃത്യമായി അറിയിക്കുക, അത്തരം കാര്യങ്ങൾ തീർച്ചയായും നമ്മൾ ചെയ്യാൻ ശ്രമിക്കാം. കുറ്റം നടന്ന ജില്ലയിൽ മാത്രമേ അടയ്ക്കാൻ സാധിക്കുകയുള്ളൂ എന്ന അവസ്ഥയുണ്ടെങ്കിൽ അതുമാറ്റി

എവിടെ ഇരുന്നു വേണമെങ്കിലും ഫൈൻ അടയ്ക്കാൻ സാധിക്കുന്ന തരത്തിലുള്ളൊരു സംവിധാനം നമുക്ക് ഏർപ്പെടുത്താൻ കഴിയും. ഡീലർ ഓതറൈസേഷൻ സർട്ടിഫിക്കറ്റിനെക്കുറിച്ചും അദ്ദേഹമിവിടെ പറയുകയുണ്ടായി. അക്കാര്യം പരിശോധിക്കുന്നതാണ്.

ബഹുമാനപ്പെട്ട മലമ്പുഴ എം.എൽ.എ. ശ്രീ. എ. പ്രഭാകരൻ പറഞ്ഞ ഒരു കാര്യം കെ.എസ്.ആർ.ടി.സി.-യെക്കുറിച്ചാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. ജ്യോതികുമാർ ചാമക്കാലയും അതിനെക്കുറിച്ച് രസകരമായ രീതിയിലിവിടെ സംസാരിച്ചു. എന്തുകൊണ്ടാണ് ഇത്തരത്തിലൊരു ഉത്തരവിട്ടത്? പരിഗണിക്കുന്ന ബില്ലിലെ വിഷയം അല്ലെങ്കിലും ചർച്ചയുടെ ഭാഗമായി ഇക്കാര്യം ഉയർന്നുവന്നതിനാൽ അതിനെക്കുറിച്ച് സംസാരിക്കുകയാണ്, കെ.എസ്.ആർ.ടി.സി.-യുടെ കാര്യം പരിശോധിച്ചാൽ 10 വർഷം കൊണ്ട് 1300 വണ്ടികൾ മാത്രമാണ് നമുക്ക് സ്റ്റോക്കിൽ വർധിപ്പിക്കാൻ സാധിച്ചത്. അത് വളരെ പരിമിതമായ കാര്യമാണ്. നമുക്കതിന്റെ Capital Expenditure അഥവാ CapEx ഇനിയും എടുക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് പരിമിതിയുണ്ട്. അതിനാൽ CapEx എങ്ങനെ

കുറയ്ക്കാൻ സാധിക്കുമെന്ന് ആലോചിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് എം.എൽ.എ.-മാരോട് അത്തരത്തിലുള്ള ഒരു അഭ്യർഥന നടത്തിയത്. എന്റെ അറിവിൽ ഇതിനകം തന്നെ ഏതാണ്ട് എഴുപതോളം വണ്ടികൾ നമുക്ക് ലഭിച്ചുകഴിഞ്ഞു. അത് ഞാൻ സ്വാഗതം ചെയ്യുന്നു. ഇനിയും കൂടുതൽ എം.എൽ.എ.-മാരും മന്ത്രിമാരുമെല്ലാം കെ.എസ്.ആർ.ടി.സി.-ക്ക് ഈ വണ്ടികൾ നൽകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. പഞ്ചായത്തുകളിൽ ഇപ്പോൾ ഗ്രാമവണ്ടി പോകുന്നുണ്ട്. എന്നാൽ ഗ്രാമവണ്ടിക്ക് ഒരു മാസം ഏകദേശം ഒരു ലക്ഷം രൂപ ചെലവ് വരും. 36 മുതൽ 40 മാസം വരെയുള്ള ചെലവ് ഉണ്ടെങ്കിൽ ആ പഞ്ചായത്തിനും നമുക്ക് വണ്ടി വാങ്ങി നൽകാൻ കഴിയും. ഞങ്ങൾ അത് ഓടിച്ചുകൊള്ളാം. ഓപ്പറേഷണൽ എക്സ്പെൻഡിച്ചർ ഞങ്ങൾ എടുത്തുകൊള്ളാം, കാപ്പിറ്റൽ എക്സ്പെൻഡിച്ചർ കുറച്ചുകൊണ്ട് നൂറുകണക്കിന് വണ്ടികൾ കെ.എസ്.ആർ.ടി.സി.-യുടെ റണ്ണിങ് സ്റ്റോക്കിൽ കൂട്ടുകയെന്ന സ്ട്രാറ്റജിയാണ് കെ.എസ്.ആർ.ടി.സി. ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. അതിന് പുറമേ വെറ്റ് ലീസിങ് ആയും കുറച്ച് വണ്ടികൾ എടുത്തു. ഡ്രൈവർ അവരുടെയും കണ്ടക്ടർ നമ്മളുടെയും എന്ന

രീതിയാണ് വെറ്റ് ലീസിങ് എന്നത്. വളരെ നല്ല വണ്ടികൾ ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്നു. സഭയുടെ അറിവിലേക്കായി ഞാൻ പറയാം, ഇപ്പോൾ ഹൈദരാബാദിലേക്ക് ലീസിന് എടുത്ത ഒരു വണ്ടി പോയി. ദിവസവും പോയിട്ട് വരുകയല്ല. അത് ടൂറിസത്തിനായി പോകുകയാണ്. കെ.എസ്.ആർ.ടി.സി. പടിപടിയായി ടൂറിസം സെക്ടറിലേക്ക് വരുകയാണ്. ഇന്റർ സ്റ്റേറ്റ് ഓടാനായും ലീസിന് വണ്ടികൾ എടുക്കുകയാണ്.

ശബരിമല സീസൺ വരുകയാണ്. ശബരിമല സീസൺ വരുമ്പോൾ നമ്മുടെ വണ്ടികളിൽ നൂറ് വണ്ടികൾ റീഫർബിഷ് ചെയ്ത് എടുത്തിരിക്കുകയാണ്. മിടുക്കൻമാരായ നമ്മുടെ മെക്കാനിക്കുകൾ 100 വണ്ടികൾ പുതുക്കി പണിതു. അവ കണ്ടാൽ ഇപ്പോൾ പുതിയ വണ്ടി ആണെന്നേ തോന്നുകയുള്ളൂ. എല്ലാ വർക്ക് ഷോപ്പുകളിലും വർക്ക് നടക്കുകയാണ്. അതേ വണ്ടികളുടെ പഴയ എമിഷനുമായി തട്ടിച്ചുനോക്കിയാൽ അവയുടെ എമിഷൻ 30-35 ശതമാനം വരെ കുറവാണ്. ശബരിമല സീസൺ വരുമ്പോൾ, നമ്മൾ പുതിയ വണ്ടികൾ എടുക്കുന്ന അതുപോലെ റീഫർബിഷ് ചെയ്ത വണ്ടികളും നമ്മുടെ കൈയിലുണ്ട്. കഴിഞ്ഞ

ഗവൺമെന്റ് വച്ച പ്ലാനിൽ നൂറുകോടി രൂപയിലധികം നമുക്ക് വണ്ടികൾ വാങ്ങാനായുണ്ട്. അത്തരത്തിൽ വണ്ടികൾ വാങ്ങുക, ലീസിന് എടുക്കുക, സംഭാവനയായി വണ്ടികൾ വാങ്ങുക. ഇപ്പോൾ ചില വ്യക്തികൾ, ചില സ്ഥാപനങ്ങൾ തുടങ്ങിയവർ തന്നെ സ്പോൺസർഷിപ്പുമായി മുന്നോട്ട് വരുകയാണ്. അവർ വണ്ടികൾ സ്പോൺസർ ചെയ്യുകയാണ്. അങ്കമാലിയിലെ ശ്രീ. ജോസ് എന്ന ഒരു സ്നേഹിതനാണ് ആദ്യമായത് തുടങ്ങിയത്. പിന്നീട് തൃശ്ശൂരിലുള്ള ഒരു സ്ഥാപനവും ചെയ്തു. ഇപ്പോൾ മുഖ്യമന്ത്രിക്ക് കാബിനറ്റിന് മുൻപ് വണ്ടി ഏറ്റുവാങ്ങുക എന്ന ചടങ്ങുംകൂടി ഉണ്ടായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് ആളുകൾ വണ്ടികൾ സ്പോൺസർ ചെയ്യുന്നുവെന്നത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമാണ്. ഇതിനായി ഞാൻ ഒരു വലിയ ശ്രമമൊന്നും നടത്തിയിട്ടില്ല. എന്നാൽ പോലും ആളുകൾ വണ്ടികൾ സ്പോൺസർ ചെയ്യുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ഒരു വളവ് തിരിയുകയാണ്. കെ.എസ്.ആർ.ടി.സി. ലാഭത്തിൽ ആകുമെന്നൊന്നും ഞാനിവിടെ പ്രഖ്യാപിക്കുന്നില്ല. ഒരുപാട് ബാധ്യതകളും കടങ്ങളും കുടിശ്ശികകളുമെല്ലാം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ട്. എങ്കിൽപ്പോലും

അംഗങ്ങളുടെ ഉദാരമായ സഹായങ്ങൾ കൊണ്ട്, ഒരു അംഗം 2 വണ്ടികൾ വച്ച് തന്നാൽ നമുക്ക് 150 വണ്ടികളാകും. 150 വണ്ടികളെന്നത് ചെറിയ ഒരു കാര്യമല്ല.

ശ്രീ. സജി ചെറിയാൻ: സർ, കെ.എസ്.ആർ.ടി.സി.-ക്കായി അങ്ങ് മുൻകൈ എടുത്ത് നടപ്പാക്കുന്ന എല്ലാ കാര്യങ്ങളിലും പ്രത്യേക സന്തോഷം രേഖപ്പെടുത്തുകയാണ്. ഗ്രാമീണ വഴികളിൽ ഗ്രാമീണ വണ്ടികൾ ഓടുന്നതിന് സ്വകാര്യ വ്യക്തികൾ വാഹനങ്ങൾ വാടകയ്ക്ക് തന്നാൽ ന്യായമായ വാടക അവർക്ക് നൽകിക്കൊണ്ട് അവർ ഡ്രൈവറേയും നിങ്ങൾ കണ്ടക്ടറെയും ഏർപ്പെടുത്തിക്കൊണ്ട് ഇന്റർസ്റ്റേറ്റിന്റെ കാര്യത്തിൽ മാത്രമല്ല ഗ്രാമീണ മേഖലയിലും അത്തരം സംവിധാനം ഒരുക്കിയാൽ ധാരാളം ആളുകൾ മുന്നോട്ടുവരാൻ തയാറാകുമെന്നാണ് എന്റെ വിശ്വാസം. അതിനായി അങ്ങ് ശ്രമിക്കുമോ?

ശ്രീ. സി. പി. ജോൺ: സർ, അത്തരമൊരു തീരുമാനം എടുത്തു കഴിഞ്ഞു. ബഹുമാനപ്പെട്ട ശ്രീ. സജി ചെറിയാൻ പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. മാത്രമല്ല, ഓണർമാരുടെ അസോസിയേഷനുമായി

സംസാരിക്കുകയും പത്മകുമാർ കമ്മീഷനെ വയ്ക്കുകയും ചെയ്തു. പ്രസ്തുത കമ്മീഷന്റെ അഭിപ്രായത്തിന്റെകൂടി അടിസ്ഥാനത്തിൽ അവർ നൽകുകയാണെങ്കിൽ ഗ്രാമീണ വണ്ടികൾ ഓക്ഷനിൽ എടുക്കാം. ഏറ്റവും നല്ല വണ്ടിക്ക് 64 രൂപയാണ് വന്നത്. എന്നാൽ ടെൻഡറിൽ മത്സരം വന്നതോടുകൂടി റേറ്റ് കുറഞ്ഞ് വന്നുകൊണ്ടിരിക്കുകയാണ്. പ്രൈവറ്റ് വാഹനങ്ങളും നമുക്ക് എടുക്കാൻ കഴിയും. നേരത്തെ പറഞ്ഞതുപോലെ വെറ്റ് ലീസിങ്ങിനാകും എടുക്കുക. അത്തരത്തിലുള്ള കാര്യങ്ങളുമായി ഞങ്ങൾ മുന്നോട്ട് പോകുകയാണ്. ആർ.ടി.ഒ. ഓഫീസുകളെക്കുറിച്ച് പരാതികളുണ്ടെങ്കിൽ തീർച്ചയായും പരിഹരിക്കുന്നതായിരിക്കും. അതുപോലെ, സഭയിൽ വച്ചിട്ടുള്ള നിർദേശങ്ങൾ എല്ലാം പരിഗണിക്കുമെന്ന് സഭയ്ക്ക് ഞാൻ ഉറപ്പ് നൽകുന്നു. രണ്ട് പേരും നൽകിയ നിർദേശങ്ങൾക്ക് നന്ദി പറയുന്നു. നീണ്ട ഒരു പ്രസംഗം ഞാൻ ചെയ്യുന്നില്ല.

മി. സ്പീക്കർ: ഓർഡർ....ഓർഡർ...

മി. സ്പീക്കർ: ശ്രീ. എ. പ്രഭാകരൻ, 2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം

ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭയുടെ അനുമതിയോടെ ഭേദഗതി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജ്യോതികുമാർ ചാമക്കാല, 2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭയുടെ അനുമതിയോടെ ഭേദഗതി പിൻവലിച്ചിരിക്കുന്നു.

2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, "ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ അവതരണത്തിന് ശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1)-ലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, ഞാൻ

ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതികളില്ല.)

മി. സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

ഒന്നാം വകുപ്പും പീഠികയും ബില്ലിന്റെ ഭാഗാമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഒന്നാം വകുപ്പും പീഠികയും ബില്ലിന്റെ ഭാഗാമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, കാലാകാലങ്ങളിൽ പ്രയോഗത്തിലില്ലാത്തതോ തുടർന്ന് ആവശ്യമില്ലാത്തതോ ആയ ആക്ട് റദ്ദ്

ചെയ്യുന്നതിന് പ്രസ്തുത നിയമങ്ങൾ സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിന്നും നീക്കം ചെയ്യുന്നതിന് സഹായകമാണ്. ഭേദഗതി ആക്ടുകൾ അവയുടെ മൂല നിയമത്തിന്റെ ഭാഗമായി തീർന്നതിനാൽ അവ സ്റ്റാറ്റ്യൂട്ട് ബുക്കിൽ പ്രത്യേക നിയമങ്ങളായി നിലനിർത്തേണ്ട ആവശ്യമില്ല. സംസ്ഥാന സർക്കാർ നിയമിച്ച ജസ്റ്റിസ് കെ. ടി. തോമസ് അധ്യക്ഷനായ കേരള നിയമപരിഷ്കരണ കമ്മീഷന്റെ 15-ാമത് റിപ്പോർട്ട് പ്രകാരമുള്ള The Kerala Repealing and Saving Bill, 2021 മുഖേന കാലഹരണപ്പെട്ടതും തുടർന്ന് ആവശ്യമില്ലാത്തതുമായ 218 നിയമങ്ങൾ റദ്ദാക്കാൻ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2022-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ആക്ട്, 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ആക്ട് എന്നിവയിലൂടെ കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുകയുണ്ടായി. 19-07-2026-ലെ മന്ത്രിസഭാ യോഗതീരുമാനപ്രകാരം കാലഹരണപ്പെട്ടതും പ്രസക്തി നഷ്ടപ്പെട്ടതുമായ നിയമങ്ങൾ റദ്ദാക്കാൻ തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ The Kerala Repealing and Saving Bill, 2021-ൽ റദ്ദാക്കാൻ അവശേഷിക്കുന്ന അഞ്ച് ഭേദഗതി ആക്ടുകൾ കൂടി റദ്ദാക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ ഭാഗമായിട്ടാണ് ഇത് കൊണ്ടുവരുന്നത്. അത് 2009-ലെ കേരള

ഭൂസംരക്ഷ ഭേദഗതി ആക്ട്, 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ ഭേദഗതി ആക്ട് 2016-ലെ കേരള ഭൂനികുതി ഭേദഗതി ആക്ട് 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ഭേദഗതി ആക്ട്, 2018-ലെ കേരള നെൽവയൽ നീർത്തട സംരക്ഷണ ഭേദഗതി ആക്ട് ഇതെല്ലാമാണ് റദ്ദാക്കുന്നത്.

2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ഒക്ടോബർ 15-ാം

തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ഒക്ടോബർ 15-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും

സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 3.24-ന് പിരിഞ്ഞു.)